**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ **2047** — **11.02.2020** ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ റൈറ്റ്സ്

ചോദ്യം — ഉത്തരം

ശ്രീ.അബ്ദുൽ ഹമീദ്.പി — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ ഓപ്പറേഷൻ റൈറ്റ്സ് എന്ന പേരിൽ വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തിയിരുന്നോ എന്നറിയിക്കാമോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയത് എന്ന് വെളിപ്പെടുത്താമോ ; | (ബി) | പ്രസ്തുത പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br>(1) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലെ ക്രമക്കേടുകൾ.<br>(2) ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമം പാലിക്കാതെ ധനസഹായം നൽകുന്നു.<br>(3) ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധന കൂടാതെ ഗ്രാന്റ് അനുവദിക്കുന്നു.<br>(4) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് പഠനമുറി സജ്ജീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള ഗുണഭോക്തൃ പട്ടികയിലും മുൻഗണനാക്രമം പാലിച്ചിട്ടില്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>(5) ധനസഹായവുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല |
| (സി) | ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ? | (സി) | പരിശോധനാ റിപ്പോർട്ട് അന്തിമമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**